വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ കുടിശ്ശിക

119 [2286] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗത്തിൽപ്പെട്ട +1 മുതൽ ഡിഗ്രി കഴിഞ്ഞവരും ഉന്നതവിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് 2003-04 വർഷത്തിലെ വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ എന്തു തുക കൊടുക്കാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ വിഭാഗത്തിനും എന്തു തുക വീതം കൊടുക്കാനുണ്ടെന്നും പ്രസ്തുത തുക കുടിശ്ശിക തീർത്ത് എപ്പോൾ കൊടുക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്. പട്ടികവർഗ്ഗ/ഒ. ഇ. സി. വിദ്യാർത്ഥികളുടെ 2003-04 വർഷത്തെ വിദ്യാഭ്യാസാനുകൂല്യ മിനത്തിൽ കുടിശ്ശികയില്ല.

ആദിവാസികളുടെ പട്ടിണി മരണം

120 [2288] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി/പട്ടികവർഗ്ഗ, ആദിവാസി കുടുംബങ്ങളിൽപ്പെട്ട എത്ര പേരാണ് പട്ടിണിമൂലവും, രോഗം മൂലവും മരണപ്പെട്ടിട്ടുള്ളത്;

(ബി) ഈ കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ, ആദിവാസി കുടുംബങ്ങളിൽപ്പെട്ട എത്ര സ്ത്രീകളും കുട്ടികളുമാണ് പീഡിപ്പിക്കപ്പെടുകയും, ബലാൽസംഗത്തിന് ഇരയാവുകയും ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ആദിവാസി കുടുംബങ്ങളിൽ പട്ടിണി മരണം ഉണ്ടായിട്ടില്ല. എന്നാൽ വിവിധ രോഗങ്ങൾ മൂലം 473 പേർ മരണമടഞ്ഞിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഇടുക്കി ജില്ലയിലെ ചിന്നക്കനാലിൽ ആദിവാസികൾക്ക് നൽകിയ ഭൂമി

121 [2289] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, വി. ജെ. പൗലോസ്:
,, പി. ടി. തോമസ്:
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇടുക്കി ജില്ലയിലെ പിന്നക്കനാലിൽ ആദിവാസികൾക്ക് സർക്കാർ നൽകിയ ഭൂമിയിൽ നിന്ന് എത്ര കുടുംബങ്ങൾ ഒഴിഞ്ഞുപോയി;

(ബി) അവർ ഒഴിഞ്ഞുപോകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) അവർ ഒഴിഞ്ഞുപോയ സ്ഥലങ്ങൾ കയ്യേറ്റക്കാർ കൈവശപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഒഴിഞ്ഞുപോയ ആദിവാസികൾക്ക് വേറെ ഭൂമി നൽകാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) 387 കുടുംബങ്ങൾ.

(ബി) കാട്ടാനകളുടെ ഉപദ്രവവും മരങ്ങൾ മുറിച്ചുകൊണ്ടുപോകുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമാണ് കാരണം.

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

അഹാഡ്സിന്റെ പ്രവർത്തനം

122 [2291] ശ്രീ. എ. കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയെ പച്ചപിടിപ്പിക്കാൻ ജപ്പാനിൽ നിന്ന് വായ്പയെടുത്ത 219 കോടി രൂപ അഹാഡ്സ് എന്തെല്ലാം ആവശ്യത്തിനാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) അഹാഡ്സിൽ ആകെ എത്ര ജീവനക്കാരാണുള്ളത്; തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ; ഇവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാൻ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്;

(സി) അഹാഡ്സിന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിന്റെ ചുമതല ആർക്കായിരുന്നു; നിർമ്മാണവുമായി ബന്ധപ്പെട്ട് വൻ സാമ്പത്തിക ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അഹാഡ്സിന്റെയും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗുണഭോക്തൃ സംഘങ്ങളുടെയും പ്രവർത്തനവും സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് സർക്കാർ പരിശോധിക്കുമോ?

ഉത്തരം

(എ) ജപ്പാനുമായുള്ള 219 കോടി രൂപയുടെ പദ്ധതി തുക സ്വകാര്യ ഭൂമിയിലേയും വനഭൂമിയിലേയും മണ്ണ്—ജല സംരക്ഷണം, ജലവിഭവ വികസനം, വരുമാനദായക പ്രവർത്തനങ്ങൾ, ഊരു വികസനം, സമ്പൂർണ്ണ ഊരു വികസന പരിപാടി, മാനവ വിഭവശേഷി വികസനം, ആരോഗ്യപരിപാലന പ്രവർത്തനങ്ങൾ, ഭരണ നിർവ്വഹണ പ്രവർത്തനങ്ങൾ, സർവ്വേ പ്ലാനിംഗ്, സ്ഥലമെടുപ്പും അനുബന്ധ പ്രവർത്തനങ്ങളും തുടങ്ങിയവയ്ക്കാണ് ചെലവഴിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly